**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1237** **10-08-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എൻട്രൻസ് പരിശീലന സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി സംസ്ഥാന സർക്കാർ അംഗീകരിച്ച എത്ര സെന്ററുകളാണ് പ്രവർത്തിച്ചു വരുന്നത്; വിശദവിവരം ലഭ്യമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി ഓരോ സാമ്പത്തിക വർഷവും താൽപര്യപത്രം ക്ഷണിച്ച് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. 2022-23 വർഷത്തെ മെഡിക്കൽ എൻട്രൻസ് പരിശീലനത്തിനായി തെരഞ്ഞെ ടുത്തിരുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1) ബ്രില്ല്യന്റ് സ്റ്റഡി സെന്റർ, പാല, കോട്ടയം<br>2) ആൽഫ എൻട്രൻസ് അക്കാദമി, ആലപ്പുഴ<br>3)സ്പാർക് എഡ്യുക്കേഷൻ, ചേർത്തല, ആലപ്പുഴ<br>4) ക്രൈസ്റ്റ് കോളേജ്, ആലപ്പുഴ<br>2023-24 വർഷത്തെ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പരിശീലനത്തിനായി 2016 മുതൽ 2023 വരെ എത്ര തുകയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ? | (ബി) | മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി 2016 മുതൽ 2023 വരെ ആകെ 4,84,18,745/- രൂപ (നാല് കോടി എൺപത്തിനാല് ലക്ഷത്തി പതിനെണ്ണായിരത്തി എഴുന്നൂറ്റി നാല്പത്തി അഞ്ച് രൂപ) ചെലവഴിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ